പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1896 — 04.05.2017 ൽ മറുപടിക്ക്

## ക്വാറികളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഉമ്മർ | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ക്വാറികളുടെ പ്രവർത്തനത്തിന്, വിവിധ സാധ്യതകളെ ഏകോപിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ ചെയ്യേണ്ടകാര്യങ്ങൾ സംബന്ധിച്ച കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) ഇല്ല |
| (ബി) ക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റിയുടെ മറ്റ് ശിപാർശകൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;<br>(സി) പ്രസ്തുത കമ്മിറ്റിയുടെ ശിപാർശകൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്ന് വിശദമാക്കാമോ? | (ബി) & (സി) സംസ്ഥാനത്തെ ക്വാറി/ക്രഷർ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 11.08.2015 ലെ സ.ഉ(സാധാ) നം.805/2015/വ്യവ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ഖനനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ കമ്മിറ്റി പരിശോധിക്കുകയും ചില ശുപാർശകൾ നൽകുകയുമുണ്ടായി. ഖനനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിക്കൊണ്ടുള്ള ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഖനന നിർമ്മാണ മേഖലയിലെ പ്രതിസന്ധി ഒഴിവാക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പ് മന്ത്രിമാരെയും ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് 28.12.2016 ലും 28.03.2017 ലും രണ്ട് യോഗങ്ങൾ ചേരുകയുണ്ടായി. പ്രസ്തുത യോഗങ്ങളിൽ പാരിസ്ഥിതികാനുമതിക്കുള്ള അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തു. എല്ലാ ലൈസൻസുകളും നേടി പ്രവർത്തിച്ച വരുന്ന |

ലീസ് ക്വാറികൾക്ക് അകാരണമായി സ്റ്റോപ്പ് മെമ്മോ നൽകുന്നത് ഒഴിവാക്കുവാനും, വിവിധ ലൈസൻസുകളുടെ കാലാവധി ഏകീകരിക്കാനും പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യത പരിശോധിക്കാനും, വീട് വയ്ക്കുന്നതിന് മണ്ണ് മാറ്റുന്നതിന് ബഹു.ഹൈക്കോടതി വിധിയിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിന് കോടതി വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനും, പ്രത്യേകാവശ്യത്തിനായി പതിച്ച് കൊടുത്ത ഭൂമിയിൽ ഖനനം അനുവദിക്കുന്നതിന് ചട്ടഭേദഗതികൾ ആവശ്യമാണോയെന്ന് പരിശോധിക്കുന്നതിനും തീരുമാനിച്ചു. കൂടാതെ ദൂരപരിധി സംബന്ധിച്ച നിഷ്കർഷ കെ.എം.എം.സി ചട്ടങ്ങളിൽ നിന്ന് ഒഴിവാക്കാനും പാരിസ്ഥിതികാനുമതി അപേക്ഷാ ഫീസ് ഏരിയായുടെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിക്കാനും, അപേക്ഷകൾ തയ്യാറാക്കുന്നതിന് സഹായിക്കുന്നതിന് ജില്ലാ കളക്ടറേറ്റിലും, മൈനിംഗ് & ജിയോളജി ജില്ലാ ഓഫീസുകളിലും സഹായകേന്ദ്രങ്ങൾ ഏർപ്പെടുത്താനും തീരുമാനിച്ചു.

ഖനനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ ഇറക്കിയ നിയമങ്ങൾ / ഉത്തരവുകൾ ക്രോഡീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിനായി 06/01/2017-ലെ സ:ഉ(ആർടി)19/2017/വ്യവ ഉത്തരവ് പ്രകാരം വ്യവസായ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച ഇന്റർ ഡിപ്പാർട്ട്മെന്റൽ കമ്മിറ്റിയും നിലവിലുണ്ട്. കമ്മിറ്റിയുടെ ശുപാർകൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**